Draft #3 of File 122676/AC A1-1/2021/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 09-Feb-2022 10:39 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയിൽ പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച കമ്മിറ്റിയുടെ നടപടിക്രമങ്ങൾ സംബന്ധിച്ച വിഷയം സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - ഫിനാൻസിന് സമർപ്പിക്കുവാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1378/AC A 1/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 11.02.2022

---

*പരാമർശം:*-1. കത്ത് നം. B5/97/2020/HEDN തീയതി. 06.09.2021

2. സർവ്വകലാശാല ഉത്തരവ് നം. 334/ACA1/2021/എം.ജി.യു. തീയതി. 15.01.2021

3. 22 .12 .2021 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നം. 122/122676/ACA1-1/2021/REG SECT

4.31.01.2022 ന് കൂടിയ സിൻഡിക്കേറ്റ് യോഗം (22.01) ഇനം നമ്പർ 01/22.01/220002

**ഉത്തരവ്**

സർവ്വകലാശാലയിൽ പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായുള്ള നടപടിക്രമങ്ങൾ പരിശോധിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച കമ്മിറ്റിയുടെ മിനിറ്റ്സ് ചർച്ച ചെയ്യുന്നതിനും ഉചിതമായ അഭിപ്രായങ്ങൾ നല്കുന്നതിനുമായി ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും പരാമർശം (1) പ്രകാരം നിർദ്ദേശം ലഭിച്ചിരുന്നു. ആയത് പ്രകാരം ടി വിഷയത്തിൽ അക്കാദമിക് കൗൺസിലിന്റെ അഭിപ്രായം തേടിയിരുന്നു. എന്നാൽ അക്കാദമിക് കൗൺസിലിൽ ടി വിഷയം സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുള്ളതിനാൽ പ്രസ്തുത വിഷയം പരിഗണിക്കേണ്ടതില്ലെന്ന് അക്കാദമിക് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി ശിപാർശ ചെയ്യുകയും തദനുസരണം പരാമർശം (2) പ്രകാരം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുകയുണ്ടായി.

നിലവിൽ സർക്കാർ തീരുമാന പ്രകാരം സർവ്വകലാശാലക്ക് കീഴിലുള്ള വിവിധ അഫിലിയേറ്റഡ് കോളേജുകളിൽ പുതിയ പ്രോഗ്രാമുകൾക്ക് അഫിലിയേഷൻ നൽകിയിരുന്നു. കൂടാതെ സർവ്വകലാശാലയിലെ പുതിയ അഞ്ച് പഠന വകുപ്പുകളിലായി നവീന മേഖലകളിൽ ഏഴ് പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം അനുവദിച്ച പുതിയ പ്രോഗ്രാമിലേക്കുള്ള ഫാക്കൽറ്റി നിയമനവും തന്മൂലം ഉണ്ടാകുന്ന അധിക ചെലവുകളും സംബന്ധിച്ച വിഷയം ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച മേൽ പരാമർശിത കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായി 21.12.2021 തീയതിയിൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിൽ പരിഗണിക്കുകയും പ്രസ്തുത വിഷയം അക്കാദമിക് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശിപാർശകളോടെ സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി - ഫിനാൻസിന് സമർപ്പിക്കുവാൻ പരാമർശം (3) പ്രകാരം തീരുമാനമെടുക്കുകയും ചെയ്തു.

ടി തീരുമാനം പരാമർശം (4) പ്രകാരം കൂടിയ സിൻഡിക്കേറ്റ് യോഗം അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വിസി/പിവിസി എന്നിവരുടെ പിഎസ് മാർ
2. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി എ മാർ
3. എ ആർ/ഡി ആർ/ജെ ആർ (അക്കാദമിക്/ഭരണം)
5. എസിസി1/എസിസി2/എ റ്റി ആർ /ഐ.ടി. സെൽ
6. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ/ യൂണിവേഴ്സിറ്റി വെബ് സൈറ്റ്
7. കരുതൽ ഫയൽ/ഫയൽ കോപ്പി /റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 122676/AC A1-1/2021/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 09-Feb-2022 10:39 PM - Page 2